# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 4419/11/12/2024/**

പരാതികക്ഷി : ഗീത ,തിരുവാതിര, ചാത്തൻപാറ,
തോട്ടയ്ക്കാട്,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 18.12.2025**

പരാതികക്ഷിയുടെ വീടിനു സമീപം താമസിക്കുന്ന ഷിബു എന്നയാൾ അപകടകാരികളായ രണ്ട് നായ്ക്കളെ വളർത്തി വരികയാണെന്നും ഇവയുടെ കുര കാരണം രാത്രി ഉറങ്ങാൻ കഴിയുന്നില്ല എന്നും, ഇവ പലതവണ പലരെയും ആക്രമിച്ചിട്ടുള്ളതായും, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

2. പരാതി വിഷയത്തിൽ ആറ്റിങ്ങൽ സ്റ്റേഷൻ ഹൗസ് ഓഫീസറോട് അന്വേഷിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.
പരാതി പരിഗണനയ്ക്കെടുത്ത 18.12.2025 തീയതി ഹർജികക്ഷി ഹാജരായി ഇപ്പോഴും നായ്ക്കളിൽ നിന്നുള്ള ശല്യം തുടരുന്നതായും, മതിലിനോട് ചേർന്നാണ് ഇവയെ വളർത്തുന്നതെന്നും, എതിർകക്ഷിക്ക് 50 സെൻറ് ഭൂമിയുണ്ടെന്നും നായ്ക്കളെ മാറ്റിപ്പാർപ്പിച്ചാൽ ശല്യം കുറയുമെന്നും പറയുകയുണ്ടായി.

3. പരാതികക്ഷി ഇക്കാര്യങ്ങൾ എല്ലാം കാണിച്ച് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ സെക്രട്ടറി ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറെ കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജികക്ഷിയെയും എതിർകക്ഷിയെയും നേരിൽ കേട്ട ശേഷം ഹർജികക്ഷിയുടെ കുടുംബത്തിന് ശല്യം ഉണ്ടാകാത്ത രീതിയിൽ നായ്ക്കളെ വളർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എതിർകക്ഷിക്ക് നൽകേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ